ഉത്തരം

(എ) കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) പങ്കാളിത്തത്തിലെ അല്ലാതെയോ ഇൻഡ്യയിൽ ട്രാക്ടർ, പവർടില്ലർ, ഡീസൽ എഞ്ചിൻ, പമ്പുസെറ്റ് എന്നിവയും അവയുടെ അനുബന്ധ സാമഗ്രികളും സ്പെയർ പാർട്ടുകളും നിർമ്മിക്കുകയോ കൂട്ടിയിണക്കുകയോ ചെയ്യുക, അവ കമ്പനിയുടെ താൽപര്യത്തിനനുസൃത മായി തവണവ്യവസ്ഥയിലോ മുഴുവൻ വിലയ്ക്കോ അല്ലാതെയോ സമ്പാദിക്കുകയോ, വാങ്ങുകയോ കൊടുക്കുകയോ, വിൽക്കുകയോ, കയറ്റു മതി ചെയ്യുകയോ. ഇറക്കുമതി ചെയ്യുകയോ ചെയ്യുക.

(2) എല്ലാ തരത്തിലുമുള്ള എഞ്ചിനീയറിംഗ് വർക്കുഷോപ്പുകളും, റിപ്പെയർ ഷോപ്പുകളും സംഘടിപ്പിക്കുകയോ നടത്തുകയോ നടത്തിക്കുകയോ ചെയ്യുക. എല്ലാ തരത്തിലുമുള്ള വർക്കുഷോപ്പ് യന്ത്രങ്ങളും യന്ത്രോപകരണ ങ്ങളും, ലോഹങ്ങളും നിർമ്മിക്കുകയോ, ഇറക്കുമതി ചെയ്യുകയോ, കയറ്റു മതി ചെയ്യുകയോ, വാങ്ങുകയോ വിൽക്കുകയോ മറ്റു വിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യുക. കാർഷികമോ അല്ലാത്തതോ ആയ യന്ത്രസാമഗ്രി കളുടേയും ഉപകരണങ്ങളുടേയും ഉപഘടകങ്ങളുടേയും ആയുധങ്ങളുടേയും റിപ്പയറും, സർവ്വീസിംഗും ഏറ്റെടുത്തു നടത്തുക മുതലായവയാണ്.

(ബി) കാംകോ പവർടില്ലർ, കാംകോ റോട്ടോട്രാക്ടർ എന്നിവയുടെ ഉൽപ്പാദനമാണ് ഇപ്പോൾ കേരള അഗ്രോ മെഷീനറി കോർപ്പറേഷനിൽ നടക്കുന്നത്.

മൃഗാശുപത്രികൾ

1619. [2410] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര മൃഗാശുപത്രികൾ ഉണ്ട് ;

(ബി) പുതിയതായി എവിടെയെല്ലാം മൃഗാശുപത്രികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) 605.

(ബി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പേവിഷബാധക്കെതിരായുള്ള കുത്തിവയ്പ്പ്

1620. [2412] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് മുഖേന 1985-86-ലും 1986-87-ൽ 25-10-1986 വരെ പേവിഷബാധക്കെതിരെ എത്ര പട്ടികളെ കുത്തിവച്ചു ;

(ബി) പട്ടികളെ കുത്തിവയ്ക്കാനുള്ള മരുന്ന് എല്ലാ മൃഗാശുപത്രി കളിലുമുണ്ടോ ;

(സി) ഇല്ലെങ്കിൽ പട്ടികളെ കുത്തിവെച്ച് പഞ്ചായത്തുകളിൽ നിന്ന് ലൈസൻസ് കിട്ടാൻ വിഷമം വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ പഞ്ചായത്തുകളിലും കുത്തിവെയ്പ് ക്യാമ്പുകൾ നടത്താനും ആശുപത്രികളിലെല്ലാം കുത്തി വയ്ക്കുന്നതിനുള്ള മരുന്ന് എത്തിക്കാനും ഗവൺമെൻറ് നടപടി എടുക്കുമോ ?

ഉത്തരം

(എ) 1985-86-ൽ 11,965 പട്ടികയ്ക്കും 1986-87-ൽ 25-10-1986 വരെ 9380 പട്ടികയ്ക്കും കുത്തിവയ്പ് നടത്തുകയുണ്ടായി.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കാവുന്നതാണ്.

നാഷണൽ സേവിംഗ്സ് വകുപ്പിലെ അസിസ്റ്റൻറ് ഡയറക്ടർ മാരുടെ നിയമനം

1621. [2413] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ സംസ്ഥാനത്ത് ആകെ എത്ര അസിസ്റ്റൻറ് ഡയറക്ടർമാരുടെ തസ്തികകളാണ് ഉള്ളത് ;

(ബി) ഇവരുടെ നിയമനരീതി എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വർഷം നാഷണൽ സേവിംഗ്സ് വകുപ്പിൽ അസിസ്റ്റൻറ് ഡയറക്ടർമാരെ നേരിട്ടോ സർവ്വീസിൽ ഇരിക്കുന്നവരിൽ നിന്നോ നിയമനം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേക്കു നിയമിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്ന് അപേക്ഷകർ ഉണ്ടായിരുന്നോ ;

(ഇ) പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നും എത്ര പേർക്കു നിയമനം ലഭിച്ചിട്ടുണ്ട് ;

(എഫ്) ഇല്ലെങ്കിൽ ഇവരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14.

(ബി) മറ്റ് വകുപ്പുകളിൽ നിന്ന് തസ്തിക മാറ്റം വഴിയും നേരിട്ടും ആണ് നിയമനം നടത്തേണ്ടത്.

(സി) ഈ വർഷം മറ്റ് വകുപ്പുകളിൽ നിന്ന് തസ്തിക മാറ്റം വഴി നാഷണൽ സേവിംഗ്സ് വകുപ്പിൽ 3 അസിസ്റ്റൻറ് ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ടായിരുന്നു.

(ഇ) ഈ വർഷം നിയമിച്ചവരിൽ പട്ടികജാതിക്കാർ ഉൾപ്പെടുന്നില്ല.

(എഫ്) നേരിട്ടുള്ള നിയമനത്തിൽ സർക്കാർ ഉത്തരവിനനുസൃതമായി പട്ടികജാതി പട്ടികവർഗ്ഗക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly